MONDAY 25-04-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/04/2022.

1. ആസാദി കാ അമൃത് മഹോത്സവ് ആഘോഷവുമായി ബന്ധപ്പെട്ട് കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ നാളെ (ഏപ്രിൽ 26) **കിസാൻ മേള** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് പ്രകൃതി കൃഷി, കാർഷിക യന്ത്രവൽക്കരണം, ഉത്തമ കൃഷി രീതികൾ, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ തുടങ്ങിയവയിൽ പ്രദർശനവും കെവികെ-യിലെ ശാസ്ത്രജ്ഞരും കർഷകരും തമ്മിലുള്ള മുഖാമുഖം പരിപാടിയും സംഘടിപ്പിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

2. പ്രധാനമന്ത്രി കൃഷിസിഞ്ചായിയോജന പദ്ധതിയിലൂടെ **സൂക്ഷ്മജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു**കൂടിസ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർഎന്നീ ആധുനികജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക്അവസരംലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതിചെലവിന്റെ അനുവദനീയതുകയുടെ 80 ശതമാനവുംമറ്റുള്ളകർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായിലഭിക്കുന്നു.കൂടുതൽവിവരങ്ങൾക്ക് ജില്ലകളിലെ കൃഷിഅസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

3. വിതുര ജഴ്സി ഫാമിൽ സങ്കര നേപ്പിയർ, സൂപ്പർ നേപ്പിയർ എന്നീ പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 6238450852 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ 5 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923 (കൊട്ടിയം), 9495000915, 9495000918, 0471-2478585 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷികകോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ, വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

## പരിശീലന പരിപാടികൾ

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് **പഴം - പച്ചക്കറിസംസ്കരണം** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി നാളെ **(26.4.2022)** നടത്തുന്നു. 500/- രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന നമ്പറിൽ ബന്ധപ്പെടുക.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് മെയ് മാസം **12,13 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 19-ന് കാടവളർത്തൽ, 26,27 തീയതികളിൽ ബ്രോയിലർ വളർത്തൽ** എന്നീ പരിശീലനങ്ങൾ നടത്തുന്നു. താൽപ്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

9. വാനില, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാഴ, വെറ്റില, ഓർക്കിഡ്, ആന്തൂറിയം എന്നിവയിൽ കാണുന്ന പല രോഗങ്ങളെയും ജൈവികമായി നിയന്ത്രിക്കാൻ **സ്യൂഡോമോണാസ്, ട്രൈക്കോഡെർമ**

എന്നീ ജീവാണുക്കളുടെ കൾച്ചറുകൾ നിർദ്ദിഷ്ട തോതിൽ ഉപയോഗിക്കാം. ഇത്തരത്തിലുള്ള ജൈവീക നിയന്ത്രണ രീതികൾ അനുവർത്തിക്കുകയാണെങ്കിൽ കൃഷിയിടത്തിലെ പരിസ്ഥിതി നല്ല രീതിയിൽ സംരക്ഷിക്കാം. വിവിധതരം ജൈവീക നിയന്ത്രണോപാധികൾക്ക് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോ കൺട്രോൾ യൂണിറ്റുമായി ബന്ധപ്പെടുക.

10. കശുമാവിൻ തൈകൾ ഈ മാസം നടാം. ഒട്ടുതൈകൾ നടുവാൻ ശ്രദ്ധിക്കുക. ഒട്ടു തൈകൾക്കേ മാതൃവൃക്ഷത്തിന്റെ ഗുണം ഉണ്ടാകുകയുള്ളൂ. **മാടക്കത്തറ 1, മാടക്കത്തറ 2, ശ്രീ, കനക, ധന, സുലഭ, ധരശ്രീ, രാഘവ്, ദാമോദർ** എന്നിവ കശുമാവിന്റെ മുന്തിയ ഇനങ്ങളാണ്. കാർഷിക സർവകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിൽ മുന്തിയ ഇനം തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. മഴ ലഭിക്കുന്നതനുസരിച്ച് കശുമാവിന് ആദ്യഗഡു വളം ചേർക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം